.

# സർക്കുലർ

200/NSS/DHSE/2014 18/11/2014

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ ഈ വർഷത്തെ സപ്തദിന സഹവാസ സ്പെഷ്യൽ ക്യാമ്പ് **2014 ഡിസംബർ 21നോ 22നോ** ആരംഭിക്കാവുന്നതാണ്. സ്പെഷ്യൽ ക്യാമ്പിനു മുന്നോടിയായി യൂണിറ്റിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട വോളണ്ടിയേഴ്സിന് ജില്ലാ തലത്തിൽ പ്രീക്യാമ്പ് ഓറിയന്റേഷൻ നടത്തേണ്ടതാണ്. സപ്ത ദിന സഹവാസസ്പെഷ്യൽ ക്യാമ്പ് പ്രൊപ്പോസൽ ജില്ലാ കൺവീനർ മുഖാന്തിരം എൻ .എസ്.എസ് സെല്ലിൽ ലഭ്യമാകേണ്ട അവസാന തീയതി **2014 ഡിസംബർ 6** ആണ്. പ്രൊപ്പോസലിന്റെ രണ്ടു കോപ്പി ജില്ലാ കൺവീനർക്ക് നൽകേണ്ടതാണ്. പ്രൊപ്പോസലിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു.

താഴെക്കൊടുത്തിരിക്കുന്ന 5 വിഷയങ്ങൾ ഏതെങ്കിലും ഒന്ന് പൊതുവിഷയമായി തെരഞ്ഞെടുക്കാം. ക്യാമ്പ് നോട്ടീസിലും ഇക്കാര്യം രേഖപ്പെടുത്തണം.

1. ശുചിത്വഭാരതം-സുന്ദരഭാരതം- മാലിന്യനിർമ്മാർജ്ജന പരിപാടി
2. ആരോഗ്യരംഗം
3. പരിസ്ഥിതി സംരക്ഷണം
4. ഗ്രാമീണ വികസനം
5. വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യം

തെരഞ്ഞെടുത്ത വിഷയത്തെ ആധാരമാക്കി കായിക പ്രവർത്തനങ്ങളും ബോധവൽക്കരണ കർമ്മ സർഗ്ഗപ്രവർത്തനങ്ങളും കണ്ടെത്തി സമന്വയിപ്പിക്കണം.എല്ലാ ദിവസവും ഉച്ചവരെ കായികകർമ്മ പരിപാടികൾക്കായി നീക്കി വയ്ക്കണം.

ക്യാമ്പ് പ്രവർത്തനങ്ങൾ വിദ്യാർത്ഥികേന്ദ്രീകൃതമായിരിക്കണം. വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിന് അവസരമൊരുക്കുന്ന ക്രിയാത്മക പ്രവർത്തനങ്ങൾക്കും സർഗ്ഗവാസനകൾക്കും പ്രാധാന്യം നൽകണം. സംഘ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം. വോളണ്ടിയർമാരെ കേവല ശ്രോതാക്കളാക്കുന്ന 'ക്ലാസ്സുകൾ' പാടില്ല. ചർച്ചാ വേളകളിൽ എല്ലാ വോളണ്ടിയർമാർക്കും ഒരേ പ്രാതിനിധ്യം ലഭിക്കുന്ന വിധത്തിൽ ദീർഘവൃത്താകൃതിയിൽ വേദിയൊരുക്കണം. ആശയസമാഹരണം, ചർച്ച, അഭിപ്രായരൂപീകരണം, ക്രോഡീകരണം, അവതരണം എന്നിവയ്ക്ക് സൗകര്യം ഒരുക്കണം.

**ഒന്നാം ദിവസം രാവിലെ 10 മണിക്ക് പ്രവർത്തനം ആരംഭിയ്ക്കണം.** ഉദ്ഘാടന സമ്മേളനം ആദ്യദിനം ഉദ്ഘാടകന്റെ സമയക്രമം അനുസരിച്ച് ക്രമീകരിക്കാം. 7-ാം ദിവസം ഉച്ച ഭക്ഷണത്തിനു ശേഷം മാത്രമേ സമാപന സമ്മേളനം ആരംഭിക്കാൻ പാടുള്ളു.മുഴുവൻ ക്യാമ്പ് അംഗങ്ങൾക്കും ക്യാമ്പിൽ തന്നെ താമസിക്കാൻ അവസരം ഒരുക്കണം. യോഗപോലുള്ള ആരോഗ്യശീലങ്ങൾ കൊണ്ട് ക്യാമ്പ് ദിനങ്ങൾ ആരംഭിക്കണം. താമസത്തിനും ഭക്ഷണത്തിനും മിതത്വം പാലിക്കണം. ഭക്ഷണം ക്യാമ്പ് അംഗങ്ങളുടെ സഹകരണത്തോടെ ക്യാമ്പിൽ തന്നെ പാകപ്പെടുത്തണം.

ഫീൽഡ് ട്രിപ്പുകളും പഠനയാത്രകളും എൻ.എസ്സ്.എസ്സ് ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തപ്പെടേണ്ട പ്രവർത്തനങ്ങളാണ്. അവ ക്യാമ്പ് ദിനങ്ങളിൽ സംഘടിപ്പിക്കാൻ പാടില്ല. **അതേ സ്കൂളിലോ അനുബന്ധ പ്രദേശത്തോ സ്ഥാപനങ്ങളിലോ ക്യാമ്പു ചെയ്യുന്നവർക്ക് എൻഎസ്എസ് ഗ്രേസ്സ് മാർക്ക് ലഭിക്കുന്നതല്ല. ഒന്നിലധികം യൂണിറ്റുകൾ ചേർന്ന് കമ്പയിൻഡ് ക്യാമ്പിംഗ് അനുവദിക്കുന്നതല്ല.** ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട പദ്ധതികൾ സ്പെഷ്യൽ ക്യാമ്പിൽ വ്യാപിപ്പിക്കാവുന്നതാണ്. **സ്പെഷ്യൽ ക്യാമ്പിൽ അധ്യാപികമാരുടെയും അധ്യാപകരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രിൻസിപ്പൽമാർ പ്രത്യേകം ഉറപ്പു വരുത്തേണ്ടതാണ്. എൻറോൾമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ടവർ മാത്രമേ സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്നുള്ളൂവെന്ന് പ്രോഗ്രാം ഓഫീസർ, പിഎസി അംഗങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.**

സപ്തദിനസഹവാസ ക്യാമ്പിൽ പ്രോഗ്രാം ഓഫീസർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർ മറ്റ് അധ്യാപക/അനധ്യാപകർക്ക് ക്യാമ്പ് ചുമതല കൈമാറി ചില ദിവസങ്ങളിൽ ക്യാമ്പിൽ നിന്ന് വിട്ടു നിൽക്കുന്ന പ്രവണത ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അങ്ങനെയുള്ള യാതൊരുവിധ തെറ്റായ കീഴ്‌വഴക്കവും അനുവദിക്കുന്നതല്ല. അത്യാവശ്യഘട്ടത്തിൽ ക്യാമ്പിൽ നിന്ന് വിട്ടുനിൽക്കേണ്ട സന്ദർഭം ഉണ്ടായാൽ പിഎസി അംഗത്തെയോ/ജില്ലാ പ്രോഗ്രാം കൺവീനറയോ അറിയിച്ച് അനുമതി വാങ്ങേണ്ടതാണ്.

ഹയർ സെക്കണ്ടറി നാഷണൽ സ്കീമിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം നടത്തേ കർമ്മ പദ്ധതികൾ, പ്രവർത്തനങ്ങൾ തുടങ്ങിയവ തുടർന്നുള്ള സർക്കുലറുകളിൽ ലഭ്യമാക്കുന്നതാണ്.

ഒപ്പ്
പ്രോഗ്രാം കോ ഓഡിനേറ്റർ

## DIRECTORATE OF HIGHER SECONDARY EDUCATION
## NATIONAL SERVICE SCHEME

### PROPOSAL FOR ORGANISING SPECIAL CAMPING PROGRAMME

1. District :

2. Name of the school and Phone Number :

3. Unit Number :

4. Name of Principal with Mobile Number :

5.Name of Programme Officer with Mobile Number :

6. Name of adopted village :

7. Place of Camping with full address :

8. Distance from the school and camping place :

9. Date of commence of camp :

10. Date of closing of the camp :

11. No.of volunteers selected : Male Female Total

12. Place of work with detailed address :

13. Nearest contact No with STD code :

14. Route from nearest railway station &
bus stand to the camp site :

15 . Whether the project is in the adopted village :

16. Selected themes :

17. Agencies/Departments contacted and
Proposed to be involved :

18. Innovative Programmes :

18. Any other information :

Signature of the Programme Officer
( With date )

Signature of the Principal
( with date )